പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 157 — 28/06/2016 ൽ മറുപടിക്ക്

താലൂക്ക് ആശുപത്രികളിലെ ഒ.പി സമയം

| ചോദ്യം<br>ശ്രീ. എം.എം.മണി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | താലൂക്ക് ആശുപത്രികളിലെ ഒ.പി. സമയം എത്ര മണിവരെയാണെന്ന് വ്യക്തമാക്കുമോ; | (എ) | താലൂക്ക് ആശുപത്രികളിലെ ഒ.പി. സമയം രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെയാണ്. |
| (ബി) | ഉച്ചയ്ക്ക്ശേഷം താലൂക്ക് ആശുപത്രികളിൽ ഒ. പി. സൗകര്യം ലഭ്യമാണോ; | (ബി) | ഉച്ചയ്ക്ക് ശേഷം പ്രധാന താലൂക്കാശുപത്രികളിലെല്ലാം അത്യാഹിത വിഭാഗത്തിന്റെ സേവനം ലഭ്യമാണ്. |
| (സി) | ഉച്ച കഴിഞ്ഞ് ഒ. പി. സൗകര്യം ഇല്ലാത്ത താലൂക്ക് ആശുപത്രികളുടെ പേര് വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (സി) | ഉച്ച കഴിഞ്ഞ് താലൂക്കാശുപത്രികളിൽ രാവിലത്തെ പോലെ സാധാരണ രീതിയിലുള്ള ഒ.പി. സേവനങ്ങൾ നിലവിലില്ല. ചില ജില്ലകളിലെ ചില ആശുപത്രികളിൽ ഡോക്ടർമാരുടെ ലഭ്യതയും ആവശ്യകതയും കണക്കിലെടുത്ത് എക്സ്റ്റൻഡഡ് ഒ.പി. സേവനങ്ങളും പകർച്ചവ്യാധി സീസണിൽ പനി കൂടുതൽ ആകുമ്പോൾ പ്രത്യേക പനി ക്ലിനിക്കുകളും ഒ.പി. സമയത്തിനുശേഷം ആവശ്യാനുസരണം പ്രവർത്തിക്കുന്നതാണ്. |
| (ഡി) | കേരളത്തിലെ എല്ലാ സി.എച്ച്.സി., താലൂക്ക് ആശുപത്രികളിലും ഉച്ചയ്ക്ക് ശേഷം ഒ.പി. പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ആരോഗ്യവകുപ്പിലെ നിലവിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സ്റ്റാഫ് പാറ്റേണും ലഭ്യതയും കണക്കിലെടുക്കുമ്പോൾ ഇക്കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ